**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3711** **27-06-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് കമ്പനിയിലേയ്ക്ക് വാങ്ങിയ ഡീസൽ ബസുകളുടെ പർച്ചേസിന് മുമ്പ് കെ.എസ്.ആർ.ടി.സി. ടെക്നിക്കൽ വിഭാഗത്തിൽ നിന്നുള്ളവർ ഉൾപ്പെട്ട വിദഗ്ദ്ധ സമിതി പരിശോധിച്ചിരുന്നോ; എങ്കിൽ പരിശോധന സമിതിയിലെ അംഗങ്ങൾ ആരൊക്കെയായിരുന്നു; അവരുടെ പേരുവിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് കമ്പനിയിലേയ്ക്ക് വാങ്ങിയ ഡീസൽ ബസുകൾക്ക് വിതരണ ഉത്തരവ് നല്കുന്നതിന് മുമ്പ് പരിശോധിക്കുന്നതിനായി ടെക്നിക്കൽ വിഭാഗത്തിൽ നിന്നുള്ള വിദഗ്ദ സമിതിയെ നിയോഗിച്ചിരുന്നില്ല. എന്നാൽ വിതരണ ഉത്തരവ് നൽകിയശേഷം ബസ് ബോഡി നിർമ്മാണ ഘട്ടത്തിൽ ബസ് ബോഡിയുടെ Proto Inspection നടത്തിയിരുന്നു. ബസുകളുടെ ബോഡി നിർമ്മാണം പൂർത്തിയാക്കി വിതരണം ചെയ്തതിന് ശേഷം എല്ലാ ബസുകളും ദർഘാസ് സ്പെസിഫിക്കേഷൻ പ്രകാരം പരിശോധിച്ചിട്ടാണ് കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് കമ്പനിയിൽ സ്വീകരിച്ചിട്ടുള്ളത്. |
| (ബി) | കെ.എസ്.-016, കെ.എസ്-030 എന്നീ ശ്രേണിയിൽ സ്വിഫ്റ്റ് കമ്പനിയ്ക്ക് വാങ്ങിയ എല്ലാ ബസുകളുടേയും ഗുണനിലവാരം ചെയ്സിസ് പൊട്ടിയ സാഹചര്യത്തിനുശേഷം പരിശോധിച്ചിട്ടുണ്ടോ; 'REJECTION' Material Scrap, Only for KSRTC എന്ന റിജെക്ഷൻ സ്റ്റിക്കർ പ്രസ്തുത ബസുകളിൽ പതിച്ചിരുന്നത് സംബന്ധിച്ചും ക്വാളിറ്റി ടെസ്റ്റിൽ പരാജയപ്പെട്ട ബസുകളാണ് ഈ ശ്രേണിയിൽ വാങ്ങിയതെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ടോ; | (ബി) | കെ.എസ്-016 എന്ന ബസ്സിന്റെ ചെയ്സിസിന് പൊട്ടൽ സംഭവിച്ചിട്ടില്ല. ടി ബസ്സിന്റെ എയർ സസ്പെൻഷൻ ബ്രാക്കറ്റിനാണ് ഡാമേജ് സംഭവിച്ചത്.<br><br>കെ.എസ്-030 എന്നീ വാഹനത്തിന്റെ ചെയ്സിസ് പൊട്ടിയ സാഹചര്യത്തിൽ പ്രസ്തുത ശ്രേണിയിൽപ്പെട്ട ബസ്സുകൾ പരിശോധിക്കുന്നതിനായി 04/06/2024-ൽ പ്രത്യേക ഉത്തരവ് നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ യൂണിറ്റ് ഗ്യാരേജുകൾ / വർക്ക്ഷോപ്പ് മുഖാന്തരം 74 ബസുകളുടെ പരിശോധന നാളിതുവരെ പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന 34 ബസ്സുകൾ പരിശോധിച്ചു വരുന്നു.<br><br>ഈ ബസ്സുകൾ കെ.എസ്.ആർ.ടി.സി.-സ്വിറ്റിൽ ലഭ്യമായ ശേഷം ദർഘാസ് വ്യവസ്ഥകൾ പ്രകാരം ഓരോ ബസ്സും ടെക്നിക്കൽ ഉദ്യോഗസ്ഥർ പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കിയ ശേഷമാണ് തുടർ നടപടികൾ സ്വീകരിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| | | | 'REJECTION' Material Scrap, Only for KSRTC എന്ന റിജെക്ഷൻ സ്റ്റിക്കർ പ്രസ്തുത ബസുകളിൽ പതിച്ചിരുന്നത് സംബന്ധിച്ചും ക്വാളിറ്റി ടെസ്റ്റിൽ പരാജയപ്പെട്ട ബസുകളാണ് ഈ ശ്രേണിയിൽ വാങ്ങിയതെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിലേയ്ക്ക് ബസ്സുകൾ വാങ്ങിയതിലെ പർച്ചേസിൽ അഴിമതി നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സംസ്ഥാന വിജിലൻസിനെകൊണ്ട് അന്വേഷണം നടത്താൻ തയ്യാറാകുമോ; പ്രസ്തുത വിഷയത്തിൽ അന്നത്തെ സി.എം.ഡി. ഉൾപ്പെടെ പർച്ചേസ് നടപടികളിൽ പങ്കാളികളായ മുഴുവൻ ഉന്നത ഉദ്യോഗസ്ഥരെയും വിജിലൻസ് അന്വേഷണ പരിധിയിൽ ഉൾപ്പെടുത്തുമോ; | (സി) | മേൽ കാലയളവിൽ കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിനായി ബസ്സുകൾ വാങ്ങിയതും ടി ബസ്സുകൾക്കായി സ്പെയർ പാർട്ടുകൾ വാങ്ങി വരുന്നതും കെ.എസ്.ആർ.ടി.സി. മുഖാന്തരമാണ്. കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിലെ സാമ്പത്തിക ഇടപാടുകൾ നടപടിക്രമങ്ങൾ പാലിച്ചും സുതാര്യമായും ഓൺലൈൻ മുഖാന്തരമാണ് നടത്തിവരുന്നത്. |
| (ഡി) | കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിൽ നടന്ന എല്ലാ സാമ്പത്തിക ഇടപാടുകളേയും കുറിച്ച് വിശദമായ അന്വേഷണം നടത്താൻ തയാറാകുമോ; വ്യക്തമാക്കുമോ; | (ഡി) | കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിലെ സാമ്പത്തിക ഇടപാടുകൾ നടപടിക്രമങ്ങൾ പാലിച്ചും സുതാര്യമായും ഓൺലൈൻ മുഖാന്തരമാണ് നടത്തിവരുന്നത്. |
| (ഇ) | സ്വിഫ്റ്റ് ബസ്സുകളുടെ സ്പെയർപാർട്ട്സുകൾ പലതും ബസുകൾ വാങ്ങി ചുരുങ്ങിയ വർഷങ്ങൾക്കുള്ളിൽ കേടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇപ്രകാരം കേടായ ബസ്സുകളുടെയും സ്പെയർപാർട്ട്സുകളുടെയും മെയിന്റനൻസ്, മാറ്റിസ്ഥാപിക്കൽ എന്നിവയ്ക്ക് ബസ്സ് കമ്പനികളാണോ കെ.എസ്.ആർ.ടി.സി.യാണോ ചെലവ് വഹിച്ചത്; പുതിയ കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ബസുകളുടെ സ്പെയർപാർട്ട്സുകൾ വ്യാപകമായി കേടായത് സംബന്ധിച്ച് കെ.എസ്.ആർ.ടി.സി.ക്ക് പുറത്തുള്ള ഏതെങ്കിലും വിദഗ്ധരെ കൊണ്ട് അന്വേഷണം നടത്തുമോ; | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>വാറണ്ടി കാലാവധിക്കുള്ളിൽ ബസുകൾ തകരാറ് സംഭവിക്കുകയാണെങ്കിൽ വാഹനം പരിശോധിച്ച് തകരാറുള്ള സ്പെയർ പാർട്സുകൾ മാറ്റി വാഹനത്തിന്റെ തകരാറ് പരിഹരിക്കുന്നതിനുള്ള ചെലവ് വാഹന നിർമ്മാതാക്കൾ തന്നെ വഹിക്കുന്നു.<br><br>ആദ്യ ഘട്ടത്തിൽ വാങ്ങിയ ചില ബസ്സുകൾക്ക് മുൻ വശത്തെ വീലുകൾ ചൂടാകുന്നത് ശ്രദ്ധയിൽപെടുകയും ആയത് വാഹന നിർമ്മാതാക്കൾ മുഖാന്തരം പരിഹരിച്ചിട്ടുള്ളതുമാണ്.<br><br>ബസ്സുകളുടെ വാറന്റി കാലയളവിൽ സംഭവിക്കുന്ന തകരാറുകൾ വാഹന നിർമ്മാതാക്കൾ പരിശോധിച്ച് ആവശ്യമായ സ്പെയറുകൾ അവരുടെ ചെലവിൽ തന്നെ മാറ്റി നൽകുന്നുണ്ട്.<br><br>മേൽ പ്രതിപാദിച്ച തകരാറുകൾ ശ്രദ്ധയിൽപെട്ടപ്പോൾ കേന്ദ്ര സർക്കാരിന്റെ അംഗീകൃത ടെസ്റ്റിംഗ് ഏജൻസി ആയ ARAI (Automotive Research Association of India)-യുടെ സാങ്കേതിക വിദഗ്ധർ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വാഹന നിർമ്മാതാക്കൾ മുഖാന്തരം തകരാറുകൾ പരിഹരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (എഫ്) | കെ.എസ്.ആർ.ടി.സി. ബസുകളിലെ ഗിയർ ബോക്സ്, വീൽ ബെയറിംഗ്, ക്ലച്ച് അസ്സംബ്ലി, ഷാക്കിൾ, ബ്രേക്ക് പാഡ് തുടങ്ങി പ്രധാന സ്പെയർപാർട്ട്സുകൾ ബസ്സുകൾ എത്ര കിലോമീറ്റർ ഓടി കഴിയുമ്പോൾ ആണ് മാറ്റാറുള്ളത്; പ്രസ്തുത സ്പെയർപാർട്ട്സുകൾ സ്വിഫ്റ്റ് കമ്പനിയിലെ ഡീസൽ ബസുകൾക്ക് എത്ര കിലോമീറ്ററിലാണ് മാറിയിട്ടുള്ളത്; എങ്കിൽ എത്ര ബസുകൾക്കാണെന്നും ഏതൊക്കെ പാർട്ട്സുകളാണ് മാറിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ; കെ.എസ്.ആർ.ടി.സി.യിൽ കഴിഞ്ഞ മൂന്ന് വർഷം നടന്ന സ്പെയർപാർട്ട്സ് പർച്ചേസ് ഇടപാടുകൾ സംബന്ധിച്ച് അന്വേഷണം നടത്തുമോ; അതിലെ ഉദ്യോഗസ്ഥ അഴിമതി അന്വേഷിക്കുമോ; വ്യക്തമാക്കുമോ; | (എഫ്) | കെ.എസ്.ആർ.ടി.സി., കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിൽ ഗിയർ ബോക്സ്, വീൽ ബെയറിംഗ്, ക്ലച്ച് അസ്സംബ്ലി, ഷാക്കിൾ, ബ്രേക്ക് പാഡ് തുടങ്ങിയ പ്രധാന സ്പെയർ പാർട്ട്സുകളുടെ ലൈഫിന്റെ വിവരം അനുബന്ധം I ആയും, സ്പെയർ പാർട്സ് മാറിയതിന്റെ വിവരം അനുബന്ധം II ആയും ചേർത്തിരിക്കുന്നു.<br><br>അനുബന്ധം I-ൽ ഉൾപ്പെടുത്തിയിട്ടുള്ള കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിന്റെ 269 എണ്ണം ഡീസൽ ബസ്സുകളിൽ അഗ്രിഗേറ്റ്സിന്റെ ആവറേജ് ലൈഫ് എന്നത് നിലവിൽ തകരാറിൽ ആയിട്ടുള്ള 05 ഗിയർ ബോക്സ്, 32 ക്ലച്ച്, 52 വീൽ ബെയറിംഗ് എന്നിവയുടേതാണ്. ബാക്കി ബസ്സുകൾക്കെല്ലാം പ്രസ്തുത യൂണിറ്റുകൾ നിലവിലും ഓടികൊണ്ടിരിക്കുന്നതിനാൽ മൊത്തമായുള്ള ആവറേജ് ലൈഫ് ഇപ്പോൾ കണക്കാക്കാൻ സാധിക്കുന്നതല്ല.<br><br>കെ.എസ്.ആർ.ടി.സി.യിലെ സ്പെയർ പാർട്സ് പർച്ചേയ്സ് എല്ലാ പർച്ചേയ്സ് മാനദണ്ഡങ്ങളും പാലിച്ചുകൊണ്ട് സുതാര്യമായ രീതിയിലാണ് നടത്തുന്നത്. |
| (ജി) | കെ.എസ്.ആർ.ടി.സി.യിൽ നടന്നുവെന്ന് ആരോപിക്കപ്പെടുന്ന അഴിമതി ആരോപണങ്ങളിന്മേൽ വിജിലൻസ് അന്വേഷണം നടത്തണമെന്ന അന്നത്തെ സി.എം.ഡി.യുടെ ശിപാർശ ഉണ്ടായിരിക്കെ എന്തുകൊണ്ടാണ് വിജിലൻസ് അന്വേഷണത്തിന് തയാറാകാത്തത്; പ്രസ്തുത വിഷയത്തിൽ വിജിലൻസ് അന്വേഷണം നടത്തുമോയെന്ന് അറിയിക്കാമോ? | (ജി) | കെ.എസ്.ആർ.ടി.സി.യിൽ ബസ് സ്പെയർ പാർട്ട്സ് എന്നിവയുടെ വാങ്ങൽ പ്രക്രീയയിൽ അഴിമതി ആരോപണം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം - I

കെ.എസ്.ആർ.ടി.സി., കെ.എസ്.ആർ.ടി.സി സ്വിഫ്റ്റിൽ ഗിയർ ബോക്സ്, വീൽ ബെയറിംഗ്, ഷാക്കിൾ, ക്ലച്ച് അസ്സംബ്ലി, ബ്രേക്ക് പാഡ് തുടങ്ങിയ പ്രധാന സ്പെയർ പാർട്ട്സുകളുടെ കിലോമീറ്റർ വിവരം.

കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിന്റെ 269 എണ്ണം ഡീസൽ ബസ്സുകളിൽ അഗ്രിഗേറ്റ്സിന്റെ ആവറേജ് ലൈഫ് എന്നത് നിലവിൽ തകരാറിൽ ആയിട്ടുള്ള 05ഗിയർ ബോക്സ്, 32 ക്ലച്ച്, 52 വീൽ ബെയറിംഗ് എന്നിവയുടേതാണ്.

| SL.No. | DESCRIPTION | KSRTC (Average Life in KM) | KSRTC-SWIFT (Average Life in KM) |
|---|---|---|---|
| 1. | GEAR BOX | 582577 | 202628 |
| 2. | CLUTCH | 132937 | 297237 |
| 3. | WHEEL BEARING | 305627 | 266042 |
| 4. | BRAKE PAD | 72648 | 34565 |
| 5. | SHACKLE | 350000 | Not replaced |

[signature] mimen

[signature] ED (T)

അനുബന്ധം - II

## പാർട്സ് മാറ്റിയ ബസ്സുകളുടെ വിവരങ്ങൾ

| SL NO | BUS NO | LIFE | PARTS |
|---|---|---|---|
| 1 | KS074 | 267659 | CLUTCH |
| 2 | KS052 | 274912 | CLUTCH |
| 3 | KS277 | 187337 | CLUTCH |
| 4 | KS028 | 322288 | CLUTCH |
| 5 | KS107 | 227016 | CLUTCH |
| 6 | KS49 | 338625 | CLUTCH |
| 7 | KS53 | 301017 | CLUTCH |
| 8 | KS69 | 285363 | CLUTCH |
| 9 | KS73 | 308681 | CLUTCH |
| 10 | KS82 | 283369 | CLUTCH |
| 11 | KS76 | 324438 | CLUTCH |
| 12 | KS32 | 349686 | CLUTCH |
| 13 | KS38 | 340810 | CLUTCH |
| 14 | KS41 | 322144 | CLUTCH |
| 15 | KS42 | 288994 | CLUTCH |
| 16 | KS182 | 171651 | CLUTCH |
| 17 | KS115 | 373600 | CLUTCH |
| 18 | KS013 | 343400 | CLUTCH |
| 19 | KS45 | 307828 | CLUTCH |
| 20 | KS067 | 223159 | CLUTCH |
| 21 | KS093 | 173717 | CLUTCH |
| 22 | KS234 | 180827 | CLUTCH |
| 23 | KS235 | 152726 | CLUTCH |
| 24 | KS112 | 287076 | CLUTCH |
| 25 | KS197 | 189707 | CLUTCH |
| 26 | KS233 | 223429 | CLUTCH |
| 27 | KS190 | 202,781 | CLUTCH |
| 28 | KS188 | 103,802 | CLUTCH |
| 29 | KS263 | 108,352 | CLUTCH |
| 30 | KS030 | 276,573 | CLUTCH |
| 31 | KS029 | 241,746 | CLUTCH |
| 32 | KS081 | 242,238 | CLUTCH |
| 33 | KS074 | 354043 | GEAR BOX |
| 34 | KS053 | 328622 | GEAR BOX |
| 35 | KS073 | 342383 | GEAR BOX |
| 36 | KS263 | 202,394 | GEAR BOX |
| 37 | KS063 | 202,862 | GEAR BOX |
| 38 | KS074 | 47528 | WHEEL BEARING |
| 39 | KS074 | 98765 | WHEEL BEARING |
| 40 | KS074 | 148428 | WHEEL BEARING |
| 41 | KS052 | 47325 | WHEEL BEARING |
| 42 | KS052 | 98230 | WHEEL BEARING |
| 43 | KS052 | 139520 | WHEEL BEARING |
| 44 | KS280 | 201182 | WHEEL BEARING |
| 45 | KS074 | 294721 | WHEEL BEARING |
| 46 | KS052 | 285075 | WHEEL BEARING |
| 47 | KS102 | 248237 | WHEEL BEARING |
| 48 | KS107 | 251702 | WHEEL BEARING |
| 49 | KS108 | 278947 | WHEEL BEARING |
| 50 | KS109 | 267378 | WHEEL BEARING |
| 51 | KS053 | 225471 | WHEEL BEARING |
| 52 | KS069 | 294906 | WHEEL BEARING |
| 53 | KS076 | 320503 | WHEEL BEARING |
| 54 | KS097 | 284012 | WHEEL BEARING |
| 55 | KS096 | 262056 | WHEEL BEARING |
| 56 | KS059 | 266584 | WHEEL BEARING |
| 57 | KS032 | 298789 | WHEEL BEARING |
| 58 | KS034 | 261810 | WHEEL BEARING |
| 59 | KS039 | 198157 | WHEEL BEARING |
| 60 | KS042 | 228456 | WHEEL BEARING |
| 61 | KS169 | 177159 | WHEEL BEARING |
| 62 | KS175 | 212587 | WHEEL BEARING |
| 63 | KS45 | 122282 | WHEEL BEARING |
| 64 | KS66 | 124636 | WHEEL BEARING |
| 65 | KS067 | 380,752 | WHEEL BEARING |
| 66 | KS112 | 273620 | WHEEL BEARING |
| 67 | KS112 | 273620 | WHEEL BEARING |
| 68 | KS105 | 140300 | WHEEL BEARING |
| 69 | KS106 | 136500 | WHEEL BEARING |
| 70 | KS36 | 182318 | WHEEL BEARING |
| 71 | KS081 | 210,563 | WHEEL BEARING |
| 72 | KS030 | 205,654 | WHEEL BEARING |
| 73 | KS081 | 208,452 | WHEEL BEARING |
| 74 | KS029 | 311,865 | WHEEL BEARING |
| 75 | KS029 | 311,865 | WHEEL BEARING |
| 76 | KS029 | 401,814 | WHEEL BEARING |
| 77 | KS029 | 380,752 | WHEEL BEARING |
| 78 | KS081 | 376,148 | WHEEL BEARING |
| 79 | KS188 | 385,658 | WHEEL BEARING |
| 80 | KS030 | 400,242 | WHEEL BEARING |
| 81 | KS030 | 400,242 | WHEEL BEARING |
| 82 | KS030 | 400,242 | WHEEL BEARING |
| 83 | KS030 | 400,242 | WHEEL BEARING |
| 84 | KS063 | 347,688 | WHEEL BEARING |
| 85 | KS081 | 422,476 | WHEEL BEARING |
| 86 | KS081 | 422,476 | WHEEL BEARING |
| 87 | KS057 | 343,393 | WHEEL BEARING |
| 88 | KS063 | 385,431 | WHEEL BEARING |
| 89 | KS063 | 385,431 | WHEEL BEARING |
| 90 | KS188 | 217,018 | WHEEL BEARING |